ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 29-03-2024**

## പ്രധാനവാർത്തകൾ

1. **നിർമിതബുദ്ധി സാങ്കേതിവിദ്യ ദുരുപയോഗം ചെയ്യപ്പെടാൻ സാധ്യതയേറെയെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി; മൈക്രോസോഫ്ട് സ്ഥാപകൻ ബിൽഗേറ്റ്സുമായി പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തി.**

2. **രണ്ടാംഘട്ട ലോക്സഭാ തെരഞ്ഞെടുപ്പിനായുള്ള വിജ്ഞാപനം പുറപ്പെടുവിച്ച കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ പ്രചാരണം ഊർജിതമായി തുടരുന്നു**

3. **ക്രിസ്തുവിന്റെ പീഡാനുഭവങ്ങൾ അനുസ്മരിച്ച് ക്രൈസ്തവർ ദുഃഖവെള്ളി ആചരിക്കുന്നു. ദേവാലയങ്ങളിൽ പ്രത്യേക ശുശ്രൂഷകൾ നടക്കുന്നു.**

4. **സ്വർണവില സർവകാല റെക്കോർഡിൽ; കേരളത്തിൽ പവന് ചരിത്രത്തിലാദ്യമായി അമ്പതിനായിരം രൂപ കടന്നു.**

5. **ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് റോയൽ ചലഞ്ചേഴ്സ് ബംഗളൂർ കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ നേരിടും.**

*****************************************

RNU TVPM

## പ്രധാനമന്ത്രി - ബിൽഗേറ്റ്സ്

നിർമ്മിത ബുദ്ധി, കാലാവസ്ഥ വ്യതിയാനം, സ്ത്രീശാക്തീകരണം തുടങ്ങി വിവിധ വിഷയങ്ങളിൽ - പ്രധാനമന്ത്രി നരേന്ദ്ര മോദിയും പ്രമുഖ അമേരിക്കൻ വ്യവസായിയും മൈക്രോസോഫ്ട് സ്ഥാപകനുമായ ബിൽ ഗേറ്റ്സും കൂടിക്കാഴ്ച നടത്തി. ഡിജിറ്റൽ അടിസ്ഥാനസൗകര്യം വികസിപ്പിക്കേണ്ടത് സുപ്രധാന ആവശ്യമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി കൂടിക്കാഴ്ചയിൽ പറഞ്ഞു. കൃഷി, ആരോഗ്യം, വിദ്യാഭ്യാസം എന്നി മേഖലകളിൽ സാങ്കേതികവിദ്യയ്ക്ക് വലിയ പങ്ക് വഹിക്കാൻ കഴിയും. നിർമിതബുദ്ധി സാങ്കേതിവിദ്യ വളരെ ഉപയോഗപ്രദം ആണെങ്കിലും കൃത്യമായ പരിശീലനമില്ലെങ്കിൽ ദുരുപയോഗം ചെയ്യപ്പെടാൻ സാധ്യതയുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

****************************************

## തെരഞ്ഞെടുപ്പ് - സംസ്ഥാനം

രണ്ടാംഘട്ട ലോക്സഭാ തെരഞ്ഞെടുപ്പിനായുള്ള വിജ്ഞാപനം പുറപ്പെടുവിച്ച കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ പ്രചാരണം ഊർജിതമായി തുടരുന്നു. രണ്ടാം ഘട്ട തെരഞ്ഞെടുപ്പിലേക്കുള്ള നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നതിനുള്ള ആദ്യ ദിനമായ ഇന്നലെ കേരളത്തിൽ 14 പേരാണ് പത്രിക നൽകിയത്. തിരുവനന്തപുരം 4, കൊല്ലം 3 , മാവേലിക്കര 1, കോട്ടയം 1, എറണാകുളം 1, തൃശ്ശൂർ 1, കോഴിക്കോട് 1, കാസർഗോഡ് 2 എന്നിങ്ങനെയാണ് സംസ്ഥാനത്ത് ഇന്നലെ പത്രികാ സമർപ്പണം നടന്നത്. ഏപ്രിൽ 4 വരെ പത്രിക സമർപ്പിക്കാം. അഞ്ചിനാണ് സൂക്ഷ്മപരിശോധന. ഏപ്രിൽ എട്ടു വരെ പത്രിക പിൻവലിക്കാം.

PNU TVPM

****************************************

**മണ്ഡലങ്ങളിലൂടെ - കോഴിക്കോട് (ഇൻട്രോ)**

കോഴിക്കോട് ലോക്സഭാ തെരഞ്ഞെടുപ്പ് പ്രചാരണം ഊർജിതമാക്കി സ്ഥാനാർത്ഥികൾ. നാമനിർദേശ പത്രിക സമർപ്പണം ആരംഭിച്ചതോടെ പ്രചാരണത്തിന് കൂടുതൽ ശക്തമായി.

**വിശദാംശങ്ങളുമായി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു.**

**(ഹോൾഡ് വോയ്സ്)**

****************************************

**തിരുവനന്തപുരം - പ്രചാരണം**

തിരുവനന്തപുരം ലോക്സഭാ മണ്ഡലത്തിലെ മൂന്നു മുന്നണികളുടെയും സ്ഥാനാർത്ഥികൾ ഇന്ന് വിവിധ യിടങ്ങളിൽ പര്യടനം നടത്തും. യു ഡി എഫ് സ്ഥാനാർത്ഥി ശശി തരൂർ പാളയം സെന്റ് ജോസഫ്സ് കത്തീഡ്രലിൽ ദുഃഖവെള്ളി പ്രാർത്ഥനയിൽ പങ്കെടുത്തു. എൽ ഡി എഫ് സ്ഥാനാർത്ഥി പന്ന്യൻ രവീന്ദ്രൻ രാവിലെ ക്രിസ്ത്യൻ ദേവാലയങ്ങൾ സന്ദർശിച്ചു. തുടർന്ന് കാട്ടായിക്കോണം വി ശ്രീധർ അനുസ്മരണത്തിൽ പങ്കെടുത്തു. എൻ ഡി എ സ്ഥാനാർത്ഥി രാജീവ് ചന്ദ്ര ശേഖറും ഇന്ന് മണ്ഡലപര്യടനത്തിലാണ്. രാവിലെ മണ്ഡലത്തിലെ പ്രമുഖ വ്യക്തികളുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തി.

****************************************

**കൊല്ലം - ഇലക്ഷൻ**

കൊല്ലം ലോക്സഭാമണ്ഡലത്തിൽ മൂന്ന് മുന്നണികളുടെയും സ്ഥാനാർത്ഥികൾ ആരാധനാലയങ്ങൾ സന്ദർശിച്ച് പ്രചാരണം ഊർജ്ജിതമാക്കി. UDF സ്ഥാനാർത്ഥി എൻ കെ പ്രേമചന്ദ്രൻ പേരയം ചർച്ച്, പെരിനാട് മാർത്തോമ ചർച്ച്,

RNU TVPM

കേരളപുരം ജമാഅത്ത് എന്നിവിടങ്ങൾ സന്ദർശിക്കും. NDA സ്ഥാനാർത്ഥി ജി. കൃഷ്ണകുമാറിൻറെ ഇന്നത്തെ പര്യടനം പന്മന ആശ്രമത്തിൽ നിന്ന് ആരംഭിച്ചു. കാട്ടിൽമേക്കതിൽ ക്ഷേത്രം, തേവലക്കര മാർത്തോമാ ചർച്ച്, തേവലക്കര ജമാഅത്ത് എന്നിവിടങ്ങളിലെ പര്യടനം നടത്തും. എൽ.ഡി.എഫ്. സ്ഥാനാർത്ഥി എം. മുകേഷ് ഉച്ചവരെ മണ്ഡലത്തിലെ പ്രമുഖരെ സന്ദർശിക്കും. ഉച്ചയ്ക്കുശേഷം ചവറയിലാണ് പര്യടനം.

****************************************

## ഇടുക്കി (ഇൻട്രോ)

ലോക്സഭാ തെരഞ്ഞെടുപ്പിൽ പട്ടികവർഗ വിഭാഗത്തിൻറെ സമ്പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കാനായി ഇടുക്കിയിൽ 'നങ്ക വോട്ട് കാമ്പയ്ൻ' സംഘടിപ്പിച്ചു. പ്രചാരണ പരിപാടിയിലൂടെ നിരവധിയാളുകളെ വോട്ടർ പട്ടികയിൽ ഉൾപ്പെടുത്തി.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണൻ....................**

**(വോയ്സ്)**

****************************************

## ദുഃഖവെള്ളി

ക്രിസ്തുവിൻറെ പീഡാനുഭവങ്ങൾ അനുസ്മരിച്ച് ക്രൈസ്തവർ ഇന്ന് ദുഃഖവെള്ളി ആചരിക്കുന്നു. ദേവാലയങ്ങളിൽ പ്രത്യേക ശുശ്രൂഷകൾ നടക്കുന്നു. പീഡാനുഭവ തിരുകർമങ്ങളിൽ പങ്കെടുക്കാൻ നിരവധി വിശ്വാസികളാണ് ക്രൈസ്തവ ദേവാലയങ്ങളിലേക്ക് എത്തുന്നത്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ കുരിശിൻറെ വഴി പ്രയാണം നടക്കുന്നു. മലയാറ്റൂർ കുരിശുമുടിയിലേക്കും തീർഥാടകരുടെ പ്രവാഹം തുടരുന്നു. പതിനായിരങ്ങളാണ് മലയാറ്റൂർ മലകയറുന്നത്.

RNU TVPM

****************************************

**ദുഖവെള്ളി - പ്രധാനമന്ത്രി**

യേശുക്രിസ്തുവിന്റെ ത്യാഗസ്മരണ പുതുക്കി പ്രധാനമന്ത്രി നരേന്ദ്ര മോദി. ഈ ദിനം യേശുക്രിസ്തുവിന്റെ ത്യാഗത്തെ ഓർമ്മിപ്പിക്കുന്നതായും അദ്ദേഹം പഠിപ്പിച്ച അനുകമ്പയുടെയും ക്ഷമയുടെയും പാഠങ്ങൾ എല്ലാവർക്കും ശക്തി പകരുമെന്നും പ്രധാനമന്ത്രി സാമൂഹ്യ മാധ്യമത്തിൽ കുറിച്ചു. വെല്ലുവിളികളെ സ്നേഹം കൊണ്ടും ഐക്യത്തോടെയും നേരിടാൻ ലോകമെമ്പാടുമുള്ളവർക്ക് യേശുക്രിസ്തുവിൻറെ ഓർമകൾ ഊർജമാകുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ സാമൂഹ്യമാധ്യമത്തിൽ കുറിച്ചു.

****************************************

**വയനാട് - കുരുശിൻറെ വഴി**

വന്യമൃഗങ്ങൾ നിറഞ്ഞ കമ്പമലയിലേക്ക് ദുഃഖവെള്ളിയാഴ്ച കുരിശിൻറെ വഴി പ്രയാണം നടത്തി മാനന്തവാടി പിലാക്കാവ് സെൻറ് ജോസഫ്സ് ദേവാലയം. കൂറ്റൻ മരക്കുരിശേന്തിയാണ് ഇടതൂർന്ന വനങ്ങൾക്കിടയിലൂടെ പീഢാനുഭവ യാത്ര നടത്തിയത്. നൂറുകണക്കിന് വിശ്വാസികൾ പങ്കാളികളായി.

RNUTVPM

****************************************

**താമരശ്ശേരി ചുരം - കുരിശ്ശിൻറെ വഴി**

താമരശ്ശേരി ചുരത്തിലും കുരിശ്ശിന്റെ വഴി പ്രയാണം നടന്നു. പതിനാറ് കിലോമീറ്റർ ദൂരം താണ്ടുന്ന പ്രയാണം ലക്കിടി മൗണ്ട് സിനായ് ദേവാലയത്തിൽ സമാപിക്കും. കോഴിക്കോട് മദർ ഓഫ് കത്തിഡ്രലിൽ നിന്നും ആരംഭിച്ച കുരിശിന്റെ വഴിയാത്ര മലബാർ ക്രിസ്ത്യൻ

കോളെജിന് സമീപമുള്ള സെന്റ് ജോസഫ് ദേവാലയത്തിൽ സമാപിച്ചു.

****************************************

**<u>കണ്ണൂർ - കുരിശിൻറെവഴി</u>**

കണ്ണൂരിൽ തെക്കി ബസാർ തിരുകുടുംബ ദേവാലയത്തിൽ നടന്ന തിരു കർമ്മങ്ങൾക്ക് ബിഷപ്പ് ഡോ. അലക്സ് വടക്കുംതല നേതൃത്യം നൽകി. തുടർന്ന് ദേവാലയത്തിൽ നിന്ന് ആരംഭിച്ച കുരിശിന്റെ വഴിക്ക് തലശ്ശേരി ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംബ്ളാനി നേതത്വം നൽകി സ്റ്റേഡിയം കോർണറിൽ നടന്ന കുരിശിന്റെ വഴിയുടെ സമാപനം മാർ ജോസഫ് പാംബ്ളാനി ഉദ്ഘാടനം ചെയ്തു.

****************************************

**<u>പൂക്കോട് - വി സി സന്ദർശനം</u>**

പൂക്കോട് വെറ്ററിനറി സർവ്വകലാശാലയിൽ മരിച്ച വിദ്യാർത്ഥി സിദ്ധാർത്ഥൻറെ വീട് സർവ്വകലാശാലയുടെ പുതിയ വൈസ് ചാൻസലർ ഡോ. കെ എസ് അനിൽ സന്ദർശിച്ചു. നെടുമങ്ങാട്ടെ വീട്ടിൽ എത്തിയ വി സി സിദ്ധാർത്ഥൻറെ കുടുംബാംഗങ്ങളുമായി സംസാരിച്ചു. സിദ്ധാർത്ഥൻറെ വീട്ടുകാർക്ക് പറയാനുള്ളതെല്ലാം കേട്ടെന്നും ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ചെയ്യാമെന്ന് ഉറപ്പ് കൊടുത്തതായും വി സി പറഞ്ഞു.

****************************************

**<u>സ്വർണവില</u>**

സ്വർണവില സർവകാല റെക്കോർഡിൽ. കേരളത്തിൽ പവന് ചരിത്രത്തിലാദ്യമായി അമ്പതിനായിരം രൂപ കടന്നു. പവന് 50,400 രൂപ ആണ് നിലവിൽ വില. ഒരു ഗ്രാമിന് 6,300 രൂപ. രാജ്യാന്തര വിപണിയിലെ വിലവർധനവാണ് കേരളത്തിലും വില കൂടാൻ കാരണമെന്നാണ് റിപ്പോർട്ട്.

RNUTVPM

****************************************

## ഐപിഎൽ

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് റോയൽ ചലഞ്ചേഴ്സ് ബാംഗ്ലൂർ കൊൽക്കത്ത നൈറ്റ് റൈഡേഴ്സുമായി ഏറ്റുമുട്ടും. വൈകിട്ട് 7.30ന് ബംഗളൂരുവിലെ എം ചിന്നസ്വമി സ്റ്റേഡിയത്തിലാണ് മത്സരം.

ഇന്നലെ ജയ്പൂരിൽ നടന്ന മത്സരത്തിൽ ഡൽഹി ക്യാപിറ്റൽസിനെ 12 റൺസിന് രാജസ്ഥാൻ റോയൽസ് പരാജയപ്പെടുത്തി.

****************************************

## വൈക്കം സത്യാഗ്രഹം

രാജ്യമാകെ അയിത്തോച്ചാടന സമരങ്ങൾക്ക് മാർഗദീപം കൊളുത്തിയ വൈക്കം സത്യാഗ്രഹം ആരംഭിച്ചിട്ട് നാളെ നൂറ് വർഷം തികയുന്നു. ഗാന്ധിജിയുടേയും ശ്രീനാരായണ ഗുരുവിൻറേയും പിന്തുണയോടെ ടി.കെ.മാധവൻ, കെ.പി.കേശവമേനോൻ, കെ.കേളപ്പൻ, ഇ.വി.രാമസ്വാമി നായ്ക്കർ, മന്നത്ത് പദ്മനാഭൻ തുടങ്ങിയവരുടെ നേതൃത്വത്തിൽ 1924 മാർച്ച് 30-നാണ് സത്യാഗ്രഹം ആരംഭിച്ചത്. വൈക്കം ക്ഷേത്രത്തിന്റെ കിഴക്കേനട ഒഴിച്ചുള്ള എല്ലാ റോഡുകളും എല്ലാവർക്കുമായി തുറന്നുകൊടുത്ത് 1925 നവംബർ 23 നാണ് സമരം അവസാനിച്ചത്.

****************************************

## താപനില

വേനൽ ചൂടിൽ സംസ്ഥാനം ചുട്ടുപൊള്ളുന്നു. കൊല്ലം, തൃശൂർ, പാലക്കാട് ജില്ലകളിൽ 39 ഡിഗ്രി സെൽസിസ് വരെ താപനില ഉയരാം. പത്തനംതിട്ട, കോട്ടയം ജില്ലകളിൽ ഉയർന്ന താപനില 38ഡിഗ്രി സെൽസിയസ്

RNU TVPM

വരെയാകാമെന്നാണ് പ്രവചനം. ആലപ്പുഴ, എറണാകുളം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ 37 ഡിഗ്രിസെൽസിയസ് വരെ താപനില ഉയരാൻ സാധ്യത. തിരുവനന്തപുരത്ത് രാത്രി മഴ ലഭിച്ചതോടെ വേനൽ ചൂടിന് അല്പം ആശ്വാസമുണ്ട്. എങ്കിലും ജില്ലയിൽ താപനില 36 ഡിഗ്രി വരെ ഉയരാമെന്നാണ് കേന്ദ്ര കാലാവസ്ഥ വകുപ്പിന്റെ റിപ്പോർട്ട്. കൊല്ലം ജില്ലയിലെ ചില ഭാഗങ്ങളിലും ഇന്നലെ വേനൽമഴ ലഭിച്ചു. അടുത്തമാസം ഒന്ന് വരെ ചൂട് തുടരുമെന്നാണ് പ്രവചനം.

****************************************

**ദേശാഭിമാനി – ബിജു കുര്യൻ**

ദേശാഭിമാനി ദിനപത്രത്തിൽ ചീഫ് റിപ്പോർട്ടറായിരുന്ന പാമ്പാടി കൂരോപ്പട ചിറപ്പുറത്ത് ബിജി കുര്യൻ അന്തരിച്ചു. 60 വയസ്സായിരുന്നു. സംസ്കാരം പിന്നീട്. കേരള പത്രപ്രവർത്തക യൂണിയന്റെ നേതാവും, സജീവ പ്രവർത്തകനുമായിരുന്നു.

****************************************

****************************************

****************************************

RIJU TVPM